**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 521** **06-12-2022 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ റീഇംബേഴ്സ്മെന്റ് അപേക്ഷ -നടപടി ഉദാരമാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ജീവനക്കാരുടെ നേരത്തേയുള്ള മെഡിക്കൽ റീഇംബേഴ്സ്മെന്റ് അപേക്ഷകൾ, ചികിത്സ തേടിയ ആശുപത്രികൾ സർക്കാർ അംഗീകാരമില്ലാത്തതാണെന്ന കാരണം പറഞ്ഞ് തിരിച്ചയക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഉണ്ട്. 12.06.2020 – ലെ 34/2020/ധന., നമ്പർ പരിപത്രം പ്രകാരം സർക്കാർ അംഗീകൃതമല്ലാത്ത സ്വകാര്യ ആശുപത്രികളിലെ / ആശുപത്രികളിലെ ചികിത്സാ വിഭാഗങ്ങളിലെ ചികിത്സാ ചെലവുകൾ സാധാരണഗതിയിൽ പ്രതിപൂരണം ചെയ്തു നൽകുന്നില്ല. എന്നാൽ ഏറ്റവും അർഹതയുള്ള കേസുകൾ പ്രത്യേകം പരിഗണിച്ച് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ആകസ്മികമായ അപകടങ്ങളിലും, മറ്റ് അടിയന്തിര സാഹചര്യങ്ങളിലും ജീവൻ രക്ഷിക്കുക എന്ന പ്രാഥമികമായ ഉദ്ദേശ്യത്തോടെ ഏറ്റവും അടുത്തുള്ള ആശുപത്രിയിൽ എത്തുന്നവരുടെ കാര്യത്തിലെങ്കിലും നടപടി ഉദാരമാക്കുന്ന കാര്യം സർക്കാർ പരിശോധിക്കുമോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ? | (ബി) | ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ